ക്ഷേമനിധി ബോർഡുകളിലെ തസ്തികകൾ

81 [3486] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ നിലവിലുള്ള തസ്തികകൾ എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം തസ്തികകളിലാണ് ഡെപ്യൂട്ടേഷനിൽ നിയമനം നടത്തിയിട്ടുള്ളത്;

(സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അല്ലാതെ നിയമനം നടത്തിയിട്ടുള്ള തസ്തികകൾ എത്രയാണ്; ഏതെല്ലാം;

(ഡി) താൽക്കാലികാടിസ്ഥാനത്തിൽ നേരിട്ടുള്ള നിയമനം നടത്തിയിട്ടുള്ള തസ്തികകളെ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു വരുന്നു.

വികലാംഗ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നിർത്തലാക്കുന്ന നടപടി

82 [3487] ശ്രീ. തന്നാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിൽനിന്നും ലഭിക്കേണ്ട ധനസഹായം കിട്ടാത്തതിനാലാണ് വികലാംഗ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം നിർത്തലാക്കാൻ പോകുന്നത് എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വികലാംഗർക്കു വേണ്ടിയുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഇത്തരത്തിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്നും ഇവ ഏതേതു വർഷങ്ങളിലാണ് ആരംഭിച്ചതെന്നും വ്യക്തമാക്കുമോ;

(ഇ) ഇത്തരം എക്സ്ചേഞ്ചുകൾക്ക് കേന്ദ്ര സർക്കാർ നൽകിവരുന്ന ധനസഹായം എത്ര ശതമാനമാണ്; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംസ്ഥാന സർക്കാർ നൽകുന്ന സാമ്പത്തിക സഹായം എത്ര ശത മാനമാണ്;

(ജി) ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ഇത്തരം എത്ര എക്സ്ചേഞ്ചുകൾ സംസ്ഥാന സർക്കാരിന്റെ പ്രവർത്തന പരിധിയിലാണ്; ഇതു സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) ഇത്തരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നിലനിറുത്തുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാ ക്കാമോ?

ഉത്തരം

(എ) വികലാംഗരുടെ സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനുള്ള 80% കേന്ദ്രസഹായം 2001-2002 വരെ മാത്രമേ ലഭിച്ചിട്ടുള്ളൂ. ടി എക്സ്ചേഞ്ചുകളുടെ പ്രവർത്തനം നിർത്തലാക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടില്ല.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ആയിരത്തിലധികം വികലാംഗ ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ ലഭ്യമായ സ്ഥലങ്ങളിലാണ് വികലാംഗർക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ അനുവദിച്ചിട്ടുള്ളത്.

(ഡി) സംസ്ഥാനത്ത് തിരുവനന്തപുരം, നെയ്യാറ്റിൻകര, കോട്ടയം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലാണ് ഇപ്പോൾ വികലാംഗർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നത്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്	ആരംഭിച്ച വർഷം
തിരുവനന്തപുരം	1978
നെയ്യാറ്റിൻകര	2000
കൊല്ലം	1996
കോട്ടയം	2000
എറണാകുളം	1996
കോഴിക്കോട്	1996

(ഇ) വികലാംഗർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനത്തിനാവശ്യമായ (ശമ്പളം, കെട്ടിടവാടക, ആഫീസ് ചെലവുകൾ എന്നിവ ഉൾപ്പെടെ) മൊത്തം ചെലവിന്റെ 80% ആണ് കേന്ദ്ര സർക്കാർ നൽകിവരുന്ന ധനസഹായം. ഇതിൻപ്രകാരം 2001-02 വരെ ലഭിക്കേണ്ടുന്ന കേന്ദ്ര വിഹിതം ലഭിച്ചിട്ടുണ്ട്.

† അനുബന്ധം VI കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വികലാംഗർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനത്തിനാവശ്യമായ മൊത്തം ചെലവിന്റെ 20% ആണ് സംസ്ഥാന സർക്കാർ നൽകുന്നത്.

(ജി) ഇപ്പോൾ സംസ്ഥാനത്ത് വികലാംഗർക്കായി പ്രവർത്തിച്ചുവരുന്ന ആറ് പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ തന്നെയാണ്.

(എച്ച്) ഇത്തരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനത്തിന് 2001-02 വരെ മൊത്തം ചെലവിന്റെ 80% കേന്ദ്ര വിഹിതമായി ലഭിച്ചിരുന്നു. 2001-02-ന് ശേഷം കേന്ദ്ര സഹായം ലഭിക്കുന്നില്ലെന്നതിനാൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽനിന്നുകൊണ്ട് മേൽപ്പറഞ്ഞ 6 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ജനറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ ഭാഗമായി പ്രത്യേകം കൗണ്ടറുകളായി നിലനിർത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

തിരുവനന്തപുരം വികലാംഗ തൊഴിലധിഷ്ഠിത പുനരധിവാസ കേന്ദ്രത്തിന്റെ പ്രവർത്തനം

83 [3488] പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന വികലാംഗ തൊഴിലധിഷ്ഠിത പുനരധിവാസ കേന്ദ്രം (പി. ആർ. സി.) വികലാംഗർക്കുവേണ്ടി ചെയ്യുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വികലാംഗ തൊഴിലധിഷ്ഠിത പുനരധിവാസ കേന്ദ്രം (പി. ആർ. സി.) പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് വാടക നൽകുന്നത് സംസ്ഥാന സർക്കാരാണോ;

(സി) എങ്കിൽ പ്രതിമാസം എത്ര രൂപ വാടകയിനത്തിൽ ചെലവാക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭാരത സർക്കാരിന്റെ തൊഴിൽ മന്ത്രാലയത്തിന്റെ കീഴിൽ 1978-ൽ തിരുവനന്തപുരം നാലാഞ്ചിറയിൽ പ്രവർത്തനമാരംഭിച്ച വൊക്കേഷണൽ റിഹാബിലിറ്റേഷൻ സെന്റർ ഫോർ ഹാൻഡിക്യാപ്ഡ് എന്ന സ്ഥാപനം സംസ്ഥാനത്ത് വിവിധ തരത്തിലുള്ള വൈകല്യമുള്ളവരെ തൊഴിൽ എടുക്കുവാൻ പ്രാപ്തരാക്കി തൊഴിൽ സാദ്ധ്യതയ്ക്കുവേണ്ട സഹായം ചെയ്തുവരുന്നു. ശാരീരികമായി അംഗവൈകല്യമുള്ളവർ, കാഴ്ച ശക്തിയില്ലാത്തവർ, കേൾവിക്കുറവുള്ളവർ, ബുദ്ധിമാന്ദ്യമുള്ളവർ, കുഷ്ഠരോഗം വന്ന് സുഖപ്പെട്ടവർ എന്നീ വിഭാഗത്തിന് പതിമൂന്ന് തൊഴിലുകളിലായി പരിശീലനം നൽകിവരുന്ന സംസ്ഥാനത്തെ ഏക സ്ഥാപനമാണ് ഇത്.

LIBRARY ARCHIVES Kerala Legislative Assembly